# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3504

12/05/2017 -ൽ മറുപടിയ്ക്ക്.

## <u>പാൽ ഗുണമേന്മ സംരക്ഷിക്കുന്നതിനുള്ള നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| മിൽമ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ പൂർണ്ണമായും ഇവിടെ ഉത്പാദിപ്പിക്കുന്നതാണോ, ഇതിൽ പാൽപ്പൊടി അടങ്ങിയിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയുടെ പാൽപൊടിയാണ് ഉപയോഗിക്കുന്നത്, വ്യക്തമാക്കുമോ, | മിൽമയുടെ ശരാശരി പ്രതിദിന വില്പന 13.15 ലക്ഷം ലിറ്റർ പാൽ ആണ്. ഇപ്പോൾ മേഖല യൂണിയനുകളിലൂടെ പ്രതിദിനം മിൽമ സംഭരിക്കുന്നത് ശരാശരി 10.47 ലക്ഷം ലിറ്റർ പാലാണ്. മിൽമ സംഭരിക്കുന്ന പാലിന്റെ കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെ ശരാശരി ഗുണനിലവാരം 8.3 ശതമാനമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പ് നിഷ്കർഷിക്കുന്ന വിൽപന നടത്താവുന്ന പാലിന്റെ കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെ അളവ് ടോൺഡ് മിൽക്ക്, സ്റ്റാന്റേർഡൈഡ്സ്ഡ് മിൽക്ക് തുടങ്ങിയവയ്ക്ക് 8.5 ശതമാനവും ഡബിൾ ടോൺഡ് മിൽക്കിന് 9 ശതമാനവും ആണ്. ഇതു പൂർത്തീകരിക്കുന്നതിനു വേണ്ടി പാൽപ്പൊടി ഉപയോഗിക്കേണ്ടി വരുന്നുണ്ട്. ഇതിനുവേണ്ടി ഇൻഡ്യയിലെ വിവിധ സഹകരണ ക്ഷീരവിപണന ഫെഡറേഷനുകളിൽ നിന്നും കേന്ദ്രീകൃത രീതിയിൽ പാൽപൊടി വാങ്ങുന്നുണ്ട്. |

(ബി) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധന, വിൽപനാനുമതി എന്നിവ നൽകുന്നത് ആരാണ്; വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നതോടുകൂടി പാലിന്റെ ഗുണനിലവാര പരിശോധനയിന്മേലുള്ള നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ്.

അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റ് കടന്നു വരുന്ന ടാങ്കറുകളിൽ നിന്നും പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇതിനു വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നീ ജില്ലകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രണ്ടു മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ലാബുകൾക്ക് എൻ.എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

അന്യ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് എത്തുന്ന മുഴുവൻ പാലിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ക്ഷീരവികസന വകുപ്പ് ഓണക്കാലത്ത് മാത്രമായി അതിർത്തി ചെക്ക് പോസ്റ്റുകളിൽ താല്ക്കാലിക സംവിധാനം ഏർപ്പെടുത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാ ഗുണനിയന്ത്രണ വിഭാഗം മുഖേന വിപണി യിലെത്തുന്ന മിൽക്ക് സാമ്പിളുകളുടെ പരിശോധന നടത്തുന്നുണ്ട്.

| | |
|---|---|
| | അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന് പ്രത്യേക വിൽപാനനുമതി നൽകുന്നതിന് ക്ഷീരവികസന വകുപ്പിന് യാതൊരു പങ്കും ഇല്ല. |
| (സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള എത്ര കമ്പനികളുടെ പാലും പാലുല്പന്നങ്ങളും ഇവിടെ വിറ്റഴിക്കുന്നുണ്ട്, കമ്പനികളുടെ പേര് ഉൾപ്പടെ വിശദാംശം നൽകുമോ; | (സി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും പാലും പാലുല്പന്നങ്ങളും കേരളത്തിൽ വിപണനം നടത്തുന്ന എല്ലാ കമ്പനികളെയും കുറിച്ചുള്ള വിവരം ലഭ്യമല്ല. പ്രധാനമായും സംസ്ഥാനത്ത് പാൽ വിപണനം നടത്തുന്ന അന്യ സംസ്ഥാന കമ്പനികൾ മാതാ, ഹെറിറ്റേജ്, നാഞ്ചിൽ, ശക്തി, അമൃത, കാവിൻസ്, സുഗുണ, തിരുമല എന്നിവയാണ്. |

സെക്ഷൻ ഓഫീസർ.